"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- 2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പാലക്കാട് താലൂക്കിലെ ശ്രീ. കെ.ടി. ഹൈദരാലിക്ക് പുനരധിവാസത്തിൻറ ഭാഗമായി സ്ഥലവും വീടിനുമായി 7,55,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.265/2026/DMD തീയതി,തിരുവനന്തപുരം, 30-06-2026

---

പരാമർശം:-
1. സ.ഉ(സാധാ). 38/2019/DMD തീയതി 19/12/2019
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 09.06.2026 -ലെ LR/4574/2026-LR(H2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പാലക്കാട് താലൂക്കിലെ ശ്രീ. കെ.ടി. ഹൈദരാലിക്ക് പുനരധിവാസത്തിൻറ ഭാഗമായി പ്രസ്തുത ഭവനത്തിന് പ്രാരംഭ ഘട്ടത്തിൽ ഭാഗികമായ നാശനഷ്ടത്തിനുള്ള ധനസഹായം അനുവദിച്ചിരുന്നുവെന്നും പിന്നീട് ഇദ്ദേഹത്തെ പൂർണ്ണ പുനരധിവാസത്തിന് അർഹമായ പട്ടികയിൽ ഉൾപ്പെടുത്തുകയും പൂർണ്ണ പുനരധിവാസത്തിന്റെ ഭാഗമായി സ്ഥലം വാങ്ങുന്നതിനുള്ള രജിസ്ട്രേഷൻ തുകയായി 60,000/- രൂപ മുൻകൂറായി നൽ കിയിട്ടുള്ളതായും ഫണ്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസം കാരണവും സുരക്ഷാ ഭീഷണി നിലനിൽക്കുന്ന പുറമ്പോക്ക് സ്ഥലത്തുനിന്ന് മാറുന്നതിനായി നിർബന്ധിതനായതിനാലും, ഫണ്ട് ലഭിക്കുമെന്ന പ്രതീക്ഷയിൽ വായ്പ്പയിലൂടെയും മറ്റുള്ളവരുടെ സഹായത്തോടെയും ലഭിച്ച തുകകൊണ്ട് ഗുണഭോക്താവ് നിലവിൽ സ്ഥലം വാങ്ങി രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും, മുൻപ് അനുവദിച്ച തുക കഴിച്ച്, ബാക്കി തുകയായ 7,55,000/- രൂപ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയായ സാഹചര്യത്തിൽ, സ്ഥലം വിറ്റയാൾക്കു നൽകുന്നതിനു പകരം ഗുണഭോക്താവിന് നേരിട്ട് നൽകുന്നതിനുള്ള ഉത്തരവിനായും, ടി തുക നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കണമെന്നും പാലക്കാട് ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ സാഹചര്യത്തിൽ, മേൽ രേഖകളെല്ലാം പരിശോധിച്ചു, പരാമർശം (1) ഉത്തരവിൽ പ്രതിപാദിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയ ശേഷം, 7,55,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ഗുണഭോക്താവിന് നേരിട്ട് നല്കാൻ, പാലക്കാട് ജില്ലാ കളക്ടർക്കു അനുവാദം നൽകി ഉത്തരവാകുന്നു.

3) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായ 7,55,000/- രൂപ ശ്രീ. കെ.ടി. ഹൈദരാലി എന്നവർക്ക് അനുവദിക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്കു

നൽകാനുള്ള നടപടികൾ റവന്യൂ(ഡിആർഎഫ് ) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ ,തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം,തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
റവന്യൂ(ഡിആർഎഫ് -ബി ) വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/114/2026-DMD )

ഉത്തരവിൻ പ്രകാരം

Signed by
Manu S
Date: 30-06-2026 16:19:07

സെക്ഷൻ ഓഫീസർ